പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1094 04.02.2019-ൽ മറുപടിക്ക്

**ദേശീയപാത വികസനം ലക്ഷ്യം കാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ദേശീയപാത നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ദേശീയപാതകൾ 4 വരിപ്പാതയാക്കലിന്റെ നിലവിലെ സ്ഥിതി ദേശീയപാത 544 (പഴയ എൻ.എച്ച് 47)<br>തൃശ്ശൂർ - അങ്കമാലി 4 വരിപ്പാതയാക്കലും, അങ്കമാലി - എടപ്പള്ളി നവീകരണവും ഉൾപ്പെട്ട 63.94 കി.മീ ഡിസംബർ 2011-ൽ പൂർത്തീകരിച്ചു.<br>വാളയാർ-വടക്കഞ്ചേരി 53.495 കി.മീ 4 വരിപ്പാതയാക്കൽ ഒക്ടോബർ 2015-ൽ പൂർത്തീകരിച്ചു.<br>വടക്കാഞ്ചേരി - തൃശ്ശൂർ 28.355 കി.മീ 6 വരിപ്പാതയാക്കലിന്റെ പ്രവൃത്തികൾ സെപ്റ്റംബർ, 2012-ൽ തുടങ്ങി 83% പൂർത്തീകരിച്ചു.<br><u>ദേശീയപാത 66 (പഴയ എൻ.എച്ച്.17 & 47)</u><br>ദേശീയപാത 66 (പഴയ എൻ.എച്ച്.17) തലപ്പാടി മുതൽ കാപ്പിരിക്കാട് വരെയുള്ള കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ കൂടി കടന്നു പോകുന്ന ഭാഗങ്ങളിലെ സ്ഥലമെടുപ്പ് പുരോഗമിക്കുന്നു.<br>ദേശീയപാത 66-ൽ കടിക്കാട് മുതൽ ഇടപ്പള്ളി വരെയുള്ള തൃശ്ശൂർ ജില്ലയിലുള്ള ഭാഗത്തെ സർവ്വേയും ഡിമാർക്കേഷനും പൂർത്തിയായി |

| | | | |
|---|---|---|---|
| | | | 3(ഡി) നോട്ടിഫിക്കേഷൻ ഫെബ്രുവരി 2019-ന് പുറപ്പെടുവിക്കും. എറണാകുളം ജില്ലയിൽ ഉള്ള ഭാഗത്തെ 3 (എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അലൈൻമെന്റ് നിശ്ചയിക്കൽ പുരോഗമിക്കുന്നു.<br><br>ദേശീയപാത 66 (പഴയ എൻ.എച്ച്.47)ലെ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ കൂടി കടന്നു പോകുന്ന ഭാഗത്തെ 3 (എ) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിർത്തിക്കല്ലുകൾ ഇടുന്നതും 3 (ഡി) നോട്ടിഫിക്കേഷനും പുരോഗമിക്കുന്നു. |
| ബി. | ഇതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ഏതൊക്കെ ജില്ലകളിൽ പൂർത്തിയാക്കിയെന്ന് അറിയിക്കുമോ; | ബി. | ദേശീയപാത 544-ന്റെ ആവശ്യത്തിനുള്ള പാലക്കാട്, തൃശ്ശൂർ, എറണാകുളം ജില്ല കളിലെ സ്ഥലമെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്<br><br>ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ സ്ഥലമെടുപ്പിന്റെ നടപടി ക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. |
| സി. | കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്കള, ചെങ്കള-കാലിക്കടവ് റീച്ചുകളുടെ അനുമതിക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അതിന് അനുമതി ലഭിച്ചിട്ടുണ്ടോ; | സി. | കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്ങള, ചെങ്ങള-കാലിക്കടവ് റീച്ചുകളുടെ അനുമതിക്ക് കേന്ദ്ര മന്ത്രാലയത്തെ സമീപിച്ചിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും ടെണ്ടർ സ്റ്റേജിലാണ്. അംഗീകാരത്തിനായി സ്റ്റാന്റിംഗ് ഫിനാൻസ് കമ്മിറ്റി (SFC) മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് |
| ഡി. | ദേശീയപാത വികസനത്തിൽ കേന്ദ്രം സംസ്ഥാനത്തോട് അനുഭാവപൂർവ്വമായ നിലപാടാണോ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ഡി. | അതെ |

| | |
|---|---|
| (ഇ) 2020 ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ട ദേശീയപാത വികസനം ലക്ഷ്യം കാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഇ) തലപ്പാടി മുതൽ കാപ്പിരിക്കാട് വരെയുള്ള ദേശീയപാത 66-ന്റെ 4/6 വരിപ്പാതയാക്കാനുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചു വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥല മെടുപ്പ് പൂർത്തീകരിക്കുന്നതാണ്.<br>4 വരി:തലശ്ശേരി - മാഹി ബൈപ്പാസിന്റെയും നീലേശ്വരം റെയിൽവേ മേൽപ്പാ ലത്തിന്റെയും നിർമ്മാണം പുരോഗമിക്കുന്നു.<br>കോഴിക്കോട് ബൈപ്പാസിന്റെ 6 വരിപ്പാത നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>6 വരി: തലപ്പാടി മുതൽ ചെങ്ങള വരെയും ചെങ്ങള മുതൽ നീലേശ്വരം വരെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.<br><br>മൂരാട്, പാലോളി എന്നീ പാലങ്ങളുടെ നിർമ്മാണം സ്റ്റാന്റ് എലോൺ ആയി നടപ്പിലാക്കുവാൻ ടെണ്ടറുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്.<br>ശേഷിക്കുന്ന എല്ലാ പ്രവൃത്തികളും 2019-20 സാമ്പത്തിക വർഷത്തിൽ അവാർഡ് ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**